# SDPY MODEL LPS
# PALLURUTHY

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



www.DesktopBackground.org

## ആമുഖം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതി രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയന വർഷത്തിൽ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാനും അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിലുള്ള വൈകാരിക-സാമൂഹിക-വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻ നിരയിൽ എത്തിക്കുക,പഠന വിടവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശുസൗഹാർദ്ധപരവും കൂടുതൽ ആസ്വാദ്യകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പു വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

സ്കൂൾ വർഷാരംഭത്തിൽ കുട്ടികളിൽ വികസിക്കേണ്ട പൊതുധാരണകൾ, സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ എന്നിവ ഉൾപ്പെടുത്തി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മാർഗരേഖയ്ക്ക് അനുസൃതമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന നിലപാടിൽ ഊന്നിക്കൊണ്ട് കുട്ടികളുടെ സമഗ്ര വികാസത്തിൽ ശാരീരിക, ഭൗധിക,മാനസിക, വൈകാരിക,സാമൂഹിക ഘടക വികാസ മേഖലകളുടെ വളർച്ചയെയാണ് ലക്ഷ്യം വയ്ക്കുന്നത്. ഈ ലക്ഷ്യത്തിലെത്താൻ സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലെ പോലെ തന്നെ ഈ പ്രവർത്തനങ്ങളും പൂർണമായും വിജയത്തിലെത്തിക്കാൻ കഴിയും എന്ന ശുഭാപ്തിവിശ്വാസത്തോടെയാണ് ഇത് തയ്യാറാക്കിയിരിക്കുന്നത്.

# <u>അടിസ്ഥാന വിവരങ്ങൾ</u>

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എസ്.ഡി.പി.വൈ.മോഡൽ എൽ.പി.എസ് പള്ളുരുത്തി |
| സ്കൂൾകോഡ് | : | 26320 |
| വിദ്യാഭ്യാസ ഉപജില്ല | : | മട്ടാഞ്ചേരി |
| റവന്യു ജില്ല | : | എറണാകുളം |
| ബി.ആർ.സി | : | മട്ടാഞ്ചേരി |
| ഇ-മെയിൽ വിലാസം | : | sdpylps@gmail.com |

## ലക്ഷ്യങ്ങൾ

### ഭാഷാവികാസം

- എല്ലാ കുട്ടികളെയും അർത്ഥ പൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാകുക
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമായ തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
- മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
- ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
- ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ശേഷികൾ നേടാൻ സചിത്രനോട്ട് ബുക്കുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക.

### പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക,ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്രത്തിന്റെ  രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
- പരിസരത്തെ അറിയുവാനും പ്രകൃതിജന്യ വസ്തുക്കളെ തിരിച്ചറിയുവാനും കഴിയുക
- പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത തിരിച്ചറിഞ്ഞ് അതിനായി പ്രവർത്തിക്കുക.

### ഗണിതം

- അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

### സാമൂഹികാവബോധം

- മനുഷ്യൻ സാമൂഹ്യ ജീവിയാണെന്ന് തിരിച്ചറിയുക
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്തുക

* കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

- നിർമ്മാണാത്മകമായ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ഇതരവിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
- കലാഭിരുചി വളർത്തുക
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- നല്ല ആരോഗ്യ ശീലങ്ങൾ വളർത്തുക.
- എല്ലാ കുട്ടികൾക്കും കായിക വിദ്യാഭ്യാസത്തിന് അവസരങ്ങൾ ഉണ്ടാക്കുക.
- സ്കൂൾ പരിസരം മാലിന്യമുക്തമാക്കുക,ഹരിതാഭമാക്കുക.

## അക്കാദമിക മാസ്റ്റർ പ്ലാൻ - സ്കൂൾ തലം

മേഖല : ഭാഷ
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയോട് ആഭിമുഖ്യം വളർത്തുന്നു. | • എല്ലാ കുട്ടികൾക്കും അസംബ്ലിയിൽ കഥകൾ (മലയാളം/ഇംഗ്ലീഷ് ) വായിക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾ വായിച്ച കഥകളുടെ വായനാക്കുറിപ്പുകളും അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ<br>രക്ഷിതാക്കൾ | എസ്.എം.സി |
| ലൈബ്രറി സന്ദർശനം | • ലൈബ്രറി സന്ദർശനത്തിലൂടെ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന പുസ്തകങ്ങൾ തിരിച്ചറിയുന്നു.<br>• പ്രശസ്തരായഎഴുത്തുകാരെ മനസ്സിലാക്കുന്നു.<br>• ലൈബ്രറിയിൽ അംഗത്വമെടുക്കൽ | ജൂലായ് | എച്ച്.എം<br>എസ്.ആർ.ജി<br>അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി. |

## ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ആശയ വിനിമയശേഷികൾ കൈവരിക്കൽ | • പഠന പിന്നാക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ- മാർച്ച് | അധ്യാപകർ | എസ്.എം.സി |

## ഉപമേഖല : ഇംഗ്ലീഷ് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിലുള്ള ആവിവിഷ്ക്കാരങ്ങൾക്ക് അവസരം നൽകുന്നു. | • ആഴ്ചയിൽ രണ്ട് ദിവസം അസംബ്ലിയിലെ മുഴുവൻ കാര്യങ്ങളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു.<br>• ഇംഗ്ലീഷ് കഥകൾ അസംബ്ലിയിൽ വായിക്കാൻ അവസരം നൽകുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ കുട്ടികൾ | എസ്.എം.സി |

## ഉപമേഖല : കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ കുട്ടികളും ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുക. | • സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ കുട്ടികൾക്കായി സംഘടിപ്പിക്കുന്നു.<br>• ലൈഫ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ ലൈഫ് സ്കിൽ പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂലായ്-മാർച്ച് | ഇംഗ്ലീഷ് ക്ലബ്ബ് | പി.ടി.എ. |

## ഉപമേഖല : ഫീൽഡ് ട്രിപ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് നേരനുഭവം പ്രധാനം ചെയ്യൽ | • പോസ്റ്റ് ഓഫിസ് സന്ദർശനം<br>• ലൈബ്രറി സന്ദർശനം | ഒക്ടോബർ | എച്ച്.എം<br>എസ്. ആർ.ജി<br>അധ്യാപകർ<br>കുട്ടികൾ<br>പി.ടി.എ | പി.ടി.എ. |

## ഉപമേഖല : വിവരസാങ്കേതികവിദ്യ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയിൽ കുട്ടികളെ മികവ് ഉള്ളവരാക്കുക | • ഒന്നാം ക്ലാസ്സുമുതൽ തന്നെ കമ്പ്യൂട്ടർ പരിശീലനം | ജൂൺ - മാർച്ച് | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |

## ഉപമേഖല :  കുട്ടികളിൽ ദേശസ്നേഹം വളർത്തുക

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ദേശസ്നേഹം വളർത്തുക.<br><br>മാതൃരാജ്യത്തെ ബഹുമാനിക്കുക. | • എല്ലാ ദിവസവും അസംബ്ലിയിൽ ദേശീയ ഗാനത്തിനു മുൻപായി ദേശീയ ഗീതം ആലപിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ<br>കുട്ടികൾ | |

## ഉപമേഖല : സർഗവേദി/ ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ കലാഭിരുചി വളർത്തുക | • നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക് എന്നീ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നടത്തുന്നു.<br><br>• ആഴ്ചയിൽ ഒരു ദിവസം സർഗവേളകൾ സംഘടിപ്പിക്കുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |

## ഉപമേഖല : പ്രവൃത്തി പരിചയ ശില്പശാലയും പ്രദർശനവും

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമാണ പ്രവർത്തന ത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പി ക്കുക<br><br>ഒറിഗാമി ഇതര വിഷയവുമാ യി പ്രവൃത്തി പരിചയത്തെ ബന്ധിപ്പിക്ക ൽ | • പ്രവൃത്തി പരിചയ പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് പരിശീലനം<br>• പ്രദർശനം<br><br>• ഒറിഗാമിയിൽ പരിശീലനം നടത്തുന്നു. | സെപ്റ്റംബർ | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ. |

## ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ ആരോഗ്യ പരമായി കായികക്ഷമ ത യുള്ളവ- രാക്കുന്നതിന്<br><br><u>ഹെൽത്ത് ചെക്കപ്പ്</u> കുട്ടികളിലെ ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുന്നതി ന് | • എല്ലാ ദിവസവും അസംബ്ലിയിൽ ലഘു വ്യായാമങ്ങൾ പരിശീലിപ്പിക്കുന്നു.<br>• കായിക വിദ്യാഭ്യാസം<br>• സുംബ പരിശീലനം<br><br>• എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പു വരുത്തുന്നതിനായി ഹെൽത്ത് ചെക്കപ്പ് നടത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ- മാർച്ച് | അധ്യാപകർ<br>കുട്ടികൾ<br>പി.ടി.എ<br><br>എച്ച്.എം<br>പി.ടി.എ<br>അധ്യാപകർ | എസ്.എം.സി<br><br>എസ്.എംസി |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ക്ലാസ് തലം

ക്ലാസ് : 1

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | • ക്ലാസ് ലൈബ്രറി/ വീട് ഒരു പുസ്തകക്കൂട് | ജൂൺ | അധ്യാപകർ എസ്.ആർ.ജി എസ്.എം.സി | എസ്.എം.സി |
| | • ഭാഷാകളരി കുട്ടികളിൽ പാട്ടുകളും കഥകളുമായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ ജനുവരി വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |
| | • അമ്മ പറയട്ടെ അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. | ജൂലായ് മുതൽ ജനുവരി വരെ | അധ്യാപകർ എസ്.ആർ.ജി എം.പി.റ്റി.എ | |
| ഒന്നാം ക്ലാസ്സുകാർ ഒന്നാംതരം വായനക്കാർ | • കഥാവായന | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |
| കുട്ടിക്കവിത ആലാപനം | • ഈണം താളം എന്നിവ പാലിച്ച് കവിതകൾ ചൊല്ലി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനു | • കാർട്ടൂൺ പ്രദർശനം/ സിനിമാ പ്രദർശനം | ജൂൺ- മാർച്ച് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എസ്.കെ എസ്.എം.സി. |

| | | | | |
|---|---|---|---|---|
| ള്ള അവസരം ഒരുക്കൽ | • ജികോമ്പ്രിസ് പ്രവർത്തനങ്ങൾ ( ICT) | ജൂൺ- മാർച്ച് | അധ്യാപകർ കുട്ടികൾ | |
| | • ആക്ഷൻ സോംഗ് അവതരണം | ജൂൺ- മാർച്ച് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |
| | • ചിത്രകഥകൾ പ്രദർശിപ്പിക്കുന്നു. വായിക്കുന്നു. | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |
| അഭിനയ ഗാനാലാപനം | • അഭിനയഗാനം പാടി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |

ഉപമേഖല : ഗണിതം

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | • ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം | ജൂൺ - ജൂലായ് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എസ് കെ |
| | • ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | ജൂൺ- മാർച്ച് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |
| സംഖ്യാബോധം ഊട്ടി ഉറപ്പിക്കൽ | • ഗണിതകേളി<br>• വർക്ക് ഷീറ്റ് | ജൂലായ് മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |

ഉപമേഖല : പരിസരപഠനം

ക്ലാസ് : 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്ര കൗതുകം വളർത്തൽ | • ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി എസ്.എം.സി | എസ്.എം.സി |
| ആഹാര ശീലങ്ങളും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ് | • ഭക്ഷ്യമേള പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി എം.പി.റ്റി.എ | |
| പ്രകൃതിയെ അറിയുന്നതിനും, ആസ്വദിക്കുന്നതിനും | • പുഷ്പോദ്യാനം, ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ ജനുവരി | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി എസ്.എം.സി | |
| ശുചിത്വ ശീലങ്ങൾ തിരിച്ചറിയൽ | • കളികളിലൂടെയും വർക്ക് ഷീറ്റ് പ്രവർത്തനങ്ങൾ | ആഗസ്റ്റ് മാർച്ച് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | |

ക്ലാസ് : 2

മേഖല : അക്കാദമികം
ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിക്കും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നത്തിനുള്ള ശേഷി നേടുന്നതിന് | • ചിത്രക്കാർഡുകൾ നൽകൽ ( ചിത്രവും പദവുംഉൾക്കൊണ്ട്) ഭാഷണത്തിന് ക്ലാസ്സിൽ അവസരമൊരുക്കൽ<br>• വായന സാമഗ്രികൾ നിർമിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |

| | | | | |
|---|---|---|---|---|
| പുസ്തക പരിചയം | • സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി / വീട്ടിൽ ഒരു ലൈബ്രറി സജ്ജീകരിക്കൽ, പ്രദർശനം നടത്തൽ<br>• അമ്മ വായന | ജൂൺ മുതൽ മാർച്ച് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി പി.ടി.എ | എസ്എം.സി |
| ചിത്ര കഥകൾ തയ്യാറാക്കൽ | • വായിച്ചറിഞ്ഞ കഥയെ ചിത്രങ്ങളാക്കൽ<br>• പതിപ്പ്തയ്യാറാക്കൽ | സെപ്റ്റംബർ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |
| വായനക്കാർഡ് തയ്യാറാക്കൽ | • പരിചിതമായ പദങ്ങൾ ഉൾപ്പെടുത്തി വായനക്കാർഡുകൾ തയ്യാറാക്കൽ (വർക്ക് ഷോപ്പ്) | ഒക്ടോബർ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |
| സംയുക്ത ഡയറി | • കുട്ടികളിൽ സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു. എന്റെ വളരുന്ന പുസ്തകം തയ്യാറാക്കുന്നു. | ജൂലായ് മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എം.പി.റ്റി.എ | |

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനും,പറയുവാനുമുള്ള അവസരം ഒരുക്കൽ | • ഹലോഇംഗ്ലീഷ് ആക്റ്റിവിറ്റി<br>• ചിത്രകഥകൾ പ്രദർശിപ്പിക്കുന്നു/ വായിക്കുന്നു<br>• പത്രവായന<br>• സ്കിറ്റ് | ജൂൺ മുതൽ മാർച്ച് | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എംസി |

| | | | | |
|---|---|---|---|---|
| | • റോൾപ്ലേ / മൈമിംഗ് | | | |
| വായന പരിപോഷിപ്പിക്കൽ | • വായനാക്കാർഡുകൾ, ക്ലാസ്സ് ലൈബ്രറി എന്നിവ പ്രയോജനപ്പെടുത്തി കുട്ടികളെ വായനയിലേക്ക് നയിക്കുന്നു.<br>• പുസ്തക പരിചയം/ന്യൂസ് പേപ്പർ വായന | ജൂലായ് മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി പി.ടി.എ | എസ്.എം.സി |
| പിക്ചർ ഡിക്ഷ്ണറി / പതിപ്പ് തയ്യാറാക്കൽ | • പരിചിതമായ വാക്കുകൾ ഉൾപ്പെടുത്തി പിക്ചർ ഡിക്ഷ്ണറി/ പതിപ്പ് തയ്യാറാക്കൽ | ജൂലായ് മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |

ഉപമേഖല : ഗണിതം

ക്ലാസ്: 2

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത കിറ്റുപയോഗിച്ച് ഗണിതാംശങ്ങൾ ഉറപ്പിക്കൽ | • ഗണിതകേളിയിലൂടെ പ്രവർത്തനങ്ങൾ ചെയ്യുന്നു. | ജൂൺ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |
| പഠനോപകരണ ശില്പശാല | • ഗണിതക്കിറ്റ് തയ്യാറാക്കൽ<br>• അബാക്കസ് നിർമാണം<br>• സ്ഥാനവിലാപോക്കറ്റ്<br>• കലണ്ടർ നിർമാണം | ജൂലായ്<br>ഒക്ടോബർ<br>നവംബർ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |
| നോട്ടുകൾ തിരിച്ചറിയൽ | • കളിനോട്ട് നിർമാണം | | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | എസ്.എം.സി |

ക്ലാസ് : 3

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായന പരിപോഷിപ്പിക്കൽ | • ഭാഷാഗെയിമുകൾ<br>• ആശയം ക്രമപ്പെടുത്തി എഴുതൽ<br>• വായനാക്കാർഡുകൾ തയ്യാറാക്കി വായിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ | എസ്.എം.സി |
| എഴുത്ത്/ സർഗാത്മകത വികസിപ്പിക്കൽ | • സംയുക്തഡയറി എഴുതൽ<br>• ചിത്രങ്ങൾ കണ്ട് കഥഎഴുതുന്നു.<br>• നിഘണ്ടു നിർമാണം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ | എസ്.എം.സി |

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള ശേഷി വർദ്ധിപ്പിക്കുന്നു. | • ഹലോ ഇംഗ്ലീഷ് ആക്റ്റിവിറ്റി<br>• കഥാവായന<br>• ചിത്രവായന<br>• വരികൾകൂട്ടിച്ചേർക്കൽ<br>• സ്കിറ്റ്<br>• റോൾപ്ലേ/മൈമിംഗ്<br>• ഡയറി എഴുതൽ<br>• പതിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ | എസ്.എം.സി |

ഉപമേഖല : പരിസരപഠനം

ക്ലാസ് : 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സൗഹാർദ്ദം വളർത്തുക | • പ്രകൃതി നടത്തം<br>• ആൽബം നിർമ്മിക്കൽ<br>• നിഴൽ ചിത്രങ്ങൾ<br>• ജൈവ പാർക്ക് സംരക്ഷണം<br>• ഹരിതകാർഡ് | ജൂൺ മുതൽ ഡിസംബർ വരെ | എച്ച്.എം<br>അധ്യാപകർ<br>കുട്ടികൾ<br>പി.ടി.എ | എസ്.എംസി |
| ശാസ്ത്രാവബോധം വളർത്തുക | • ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു | ആഗസ്റ്റ് - മാർച്ച് | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |
| വ്യക്തിശുചിത്വത്തെക്കുറിച്ച് ബോധവാന്മാരാക്കുക | • ശുചിത്വക്ലാസ് (ICT)<br>• പോസ്റ്റർ നിർമ്മാണം<br>• ശുചിത്വസർവേ<br>• ഭക്ഷ്യമേള | ജൂൺ - മാർച്ച് | എച്ച്.എം.<br>പി.ടി.എ<br>അധ്യാപകർ<br>കുട്ടികൾ | എസ്.എംസി |

ഉപമേഖല : ഗണിതം

ക്ലാസ്: 3

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം വളർത്തൽ | • സംഖ്യാകാർഡ് കളി<br>• സ്ഥാനവിലാകാർഡ്<br>• സംഖ്യാവ്യാഖ്യാനം<br>• കൂട്ടങ്ങളാക്കൽ | ജൂൺ- മാർച്ച് | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |
| ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ | • ജ്യാമിതീയ രൂപങ്ങൾ വരയ്ക്കൽ<br>• ടാൻഗ്രാം തയ്യാറാക്കൽ<br>• ജിയോബോർഡിൽ രൂപങ്ങൾ നിർമിക്കൽ | ജൂൺ - ഒക്ടോബർ | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |

| | | | | |
|---|---|---|---|---|
| അളവുകൾ തൂക്കങ്ങൾ തിരിച്ചറിയൽ | • വിവിധതരം അളവുകൾ തിരിച്ചറിയൽ<br>• മീറ്റർസ്കെയിൽ ഉപയോഗിച്ച് അളന്ന് രേഖപ്പെടുത്തൽ | ഡിസംബർ - മാർച്ച് | അധ്യാപകർ കുട്ടികൾ | എസ്.എം.സി |

ക്ലാസ് : 4

മേഖല : അക്കാദമികം

ഉപമേഖല : ഭാഷ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷാപരമായി പിന്നാക്കാവസ്ഥ പരിഹരിക്കാൻ കൈത്താങ്ങ് എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു. | • ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം സംഘടിപ്പിക്കൽ<br>• അക്ഷര ക്ലാസ്സുകളുടെ തുടർച്ചയായി ദിനാചരണങ്ങളുടെ വ്യവഹാര രൂപങ്ങൾ ചെറിയ രീതിയിൽ കുട്ടികളെ കൊണ്ട് എഴുതിക്കുന്നു. വായിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി | പി.ടി.എ |
| <u>വായിക്കാം എഴുതാം</u><br>വായനാശേഷി വളർത്തൽ | • ക്ലാസ് വായനാകൂട്ടം, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം, വായനാക്കുറിപ്പ്,ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം, ആനുകാലിക വായന | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം എസ്.ആർ.ജി അധ്യാപകർ കുട്ടികൾ പി.ടി.എ | പി.ടി.എ |
| <u>എഴുതാം തെളിയാം</u><br>എഴുത്ത് പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ കുട്ടികൾ എസ്.ആർ.ജി ക്ലാസ് ടീച്ചർ | പി.ടി.എ |

| | | | | |
|---|---|---|---|---|
| എഴുത്തുകാരുമായി സംവദിക്കൽ | • ലേഖനശേഷി വർധിപ്പിക്കാൻ സാഹിത്യകാരന്മാരെ അടുത്തറിയൽ<br>• സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | ആഗസ്റ്റ് | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| <u>കണ്ടറിയാം കേട്ടറിയാം</u><br>അറിവ് ഡോക്യുമെന്ററിയിലൂടെ (ഐ.സി.റ്റി) | • പാഠഭാഗവുമായി ബന്ധപ്പെട്ടവീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| <u>രുചിച്ചറിയാം</u><br>നമ്മുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | • ഭക്ഷ്യമേള<br>• പാചകക്കുറിപ്പ്- പതിപ്പ്നിർമാണം<br>• ക്ലാസ്സിലൊരു സദ്യ | സെപ്റ്റംബർ | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| <u>ഓർക്കാം- അഭിമാനിക്കാം</u><br>സാഹിത്യകാരന്മാരുടെ ജന്മചരമദിനാചരണങ്ങൾ സംഘടിപ്പിക്കൽ, അടുത്തറിയൽ | • ഓർമ ദിനങ്ങൾ ആചരിക്കൽ<br>• ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തക പരിചയം<br>• ജീവിതരേഖ തയ്യാറാക്കൽ<br>• പതിപ്പ് നിർമ്മാണം<br>• പ്രദർശനം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ<br>എസ്.ആർ.ജി | പി.ടി.എ. |
| <u>കലക്കൂട്ട്</u><br>പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയാൻ | • പ്രദേശ വാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം<br>• കലയുമായിബന്ധപ്പെട്ട ഉപകരങ്ങൾ, ചമയങ്ങൾ പ്രദർശനം | നവംബർ | എച്ച്.എം<br>അധ്യാപകർ<br>കുട്ടികൾ<br>പി.ടി.എ | എസ്.എം.സി |
| സർഗോത്സവം<br>ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | • കുട്ടികളുടെ സർഗശേഷി പ്രദർശനം | മാർച്ച് | എച്ച്.എം<br>അധ്യാപകർ<br>കുട്ടികൾ<br>എസ്.ആർ.ജി<br>പി.ടി.എ | എസ്.എം.സി |

ഉപമേഖല : ഇംഗ്ലീഷ്

ക്ലാസ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| <u>ഇംഗ്ലീഷ്അസംബ്ലി</u><br>ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി മെച്ചപ്പെടുത്തൽ | • ആഴ്ചയിൽ 2 ദിവസം അസംബ്ലി ചേരുന്നു (അസംബ്ലിയുടെ മുഴുവൻ നിയന്ത്രണവും കുട്ടികൾക്ക്) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ | |
| <u>ഇംഗ്ലീഷ് ഡയറി</u><br>തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | • നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഡയറി കുറിപ്പായി എഴുതുന്നു. | ആഴ്ചയിൽ 3 ദിവസം വീതം<br>ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |
| <u>ഇംഗ്ലീഷ് തീയേറ്റർ</u><br>സർഗാത്മകതാ പരിപോഷണം | • ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങലാക്കി അവതരിപ്പിക്കൽ (സ്കിറ്റ്,ഡ്രാമ, സംഭാഷണം,കഥപറയൽ) | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |
| <u>ഇംഗ്ലീഷ് മാഗസിൻ</u><br>സർഗാത്മകതാ രചനാശേഷി വികസനം | • മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എച്ച്.എം<br>അധ്യാപിക<br>കുട്ടികൾ | എസ്.എം.സി |
| <u>ഇംഗ്ലീഷ് കോർണർ</u><br>വായനാ പരിപോഷണം | • കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാമൂല ഒരുക്കൽ<br>• വായനാവേള ഒരുക്കൽ<br>• വായനക്കുറിപ്പ്<br>• പുസ്തക പരിചയം | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപിക<br>കുട്ടികൾ<br>പി.ടി.എ. | എസ്.എം.സി |

| | | | | |
|---|---|---|---|---|
| <u>ഇംഗ്ലീഷ് ഫെസ്റ്റ്</u><br>ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ | • വായനാമത്സരം<br>• രചനാമത്സരം<br>• സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | ഏപ്രിൽ<br>മെയ് | അധ്യാപകർ<br>കുട്ടികൾ | |

ഉപമേഖല : പരിസരപഠനം

ക്ലാസ് : 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| <u>ശാസ്ത്രമൂല</u><br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | • ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>• പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | എച്ച്.എം<br>എസ്.ആർ.ജി<br>അധ്യാപകര<br>കുട്ടികൾ | എസ്.എം.സി. |
| <u>ഭൂപടമൊരുക്കാം</u><br>ഇന്ത്യ- കേരള ഭൂപടവായനസൂചിക പരിചയപ്പെടൽ | • ഭൂപടവായന<br>• ഭൂപടരചന<br>• സൂചിക നിർമ്മാണം | സെപ്റ്റംബർ | എസ്.ആർ.ജി<br>അധ്യാപകർ<br>കുട്ടികൾ | പി.ടി.എ. |
| <u>ശാസ്ത്ര വിസ്മയച്ചുമർ</u><br>ശാസ്ത്ര പഠനം രസകരമാക്കൽ | • ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | എസ്.ആർ.ജി<br>അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| <u>ശാസ്ത്രോൽസവം</u><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ പ്രയോഗിക്കുന്നു. | • പതിപ്പ്, ചാർട്ട്,ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | ആഗസ്റ്റ് | എസ്.ആർ.ജി<br>അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |
| <u>ശാസ്ത്രമാസിക</u><br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | • ശാസ്ത്രമാസികയുടെ നിർമാണം | ജനുവരി | എച്ച്.എം<br>എസ്.ആർ.ജി<br>അധ്യാപകർ<br>കുട്ടികൾ | എസ്.എം.സി |

ഉപമേഖല : ഗണിതം

ക്ലാസ് ; 4

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| <u>ഒറിഗാമിയിലൂടെ പഠിക്കാം</u><br>ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ - കര ചലനശേഷി വികാസം | • ഒറിഗാമി – രൂപങ്ങളുടെ നിർമാണം<br>• ടാൻഗ്രാം<br>• പ്രദർശനം | ജൂലായ് | അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| <u>ഗണിതലാബ്</u><br>ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | • ഗണിതലാബ് ഒരുക്കൽ<br>• പഠനത്തിന് ഉപയോഗപ്പെടുത്തൽ | ജൂൺ- മാർച്ച് | എച്ച്.എം<br>എസ്ആർ.ജി.<br>അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |
| <u>ഗണിത പഠനോപകരണ ശില്പശാല / ഗണിതമേള</u><br>പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ, ഗണിത ശേഷികളുടെ പ്രകടനം | • പഠനോപകരണ നിർമാണം/പ്രദർശനം<br>• ഗണിതമേള | ആഗസ്റ്റ് | എസ്.ആർ.ജി .അധ്യാപകർ<br>കുട്ടികൾ | പി.ടി.എ |

**************************************** &&&&&&&&&&&&&&&& ****************************************************